ശ്രീ. ഇ. പി. ഗോപാലൻ : ഈ റിപ്പോർട്ടിന്മേൽ അവസാന തീരുമാനം എടുക്കുന്നതിനുമുമ്പ് ദേവസ്വം സ്വത്തുക്കൾ അന്യാധീനപ്പെട്ടു പോകാതിരിക്കുവാൻവേണ്ട നടപടികൾ കൈക്കൊള്ളുമോ ; അതിനുപുറമെ ദേവസ്വം സ്വത്തുക്കൾ വിൽക്കുകയാണെങ്കിൽ ആ വില്പന അംഗീകരിക്കാതിരിക്കുവാൻ വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ദേവസ്വം ഭൂമിയെ സംബന്ധിച്ച് ഈ റിപ്പോർട്ടിൽ ചെയ്തിട്ടുള്ള പല ശുപാർശകളുംകൂടി കണക്കിലെടുത്താണ് ഭൂപരിഷ്കരണ നിയമം പാസ്സാക്കിയിട്ടുള്ളത്. മറ്റു നിർദ്ദേശങ്ങളൊന്നും ഗവണ്മെന്റിൽനിന്നും കൊടുക്കേണ്ടതായിട്ടുണ്ടെന്നും തോന്നുന്നില്ല.

അർബൻ വാട്ടർ സപ്ലൈ സ്കീം

* 403. [10] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) അർബൻ വാട്ടർ സപ്ലൈ സ്കീംസിൽ ഏതെല്ലാം പൂർത്തിയായി ; ഏതെല്ലാം പൂർത്തിയാകാനുണ്ട് ;

(ബി) വൈക്കം വാട്ടർ സപ്ലൈ സ്കീം എന്നുമാത്രം പൂരോഗമിച്ചു ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) തൃശ്ശൂർ ജലവിതരണപദ്ധതി പൂർത്തിയായി. ഡിസ്ട്രിബ്യൂഷൻ മുനിസിപ്പാലിറ്റിയെ ഏല്പിച്ചു. കോട്ടയം, കൊല്ലം, ഒറ്റപ്പാലം, പാലക്കാട് എന്നീപദ്ധതികളിൽ ഇന്നും ജലവിതരണം നടത്തുന്നുണ്ടെങ്കിലും പണികൾ പൂർത്തിയായിട്ടില്ല. എറണാകുളം, മട്ടാഞ്ചേരി, തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, തലശ്ശേരി, വൈക്കം, കായംകുളം, ചേർത്തല, വടകര, പെരുമ്പാവൂർ തുടങ്ങിയ പദ്ധതികളുടെ പണി പൂർത്തിയാകാനുണ്ട്.

(ബി) വൈക്കം ജലവിതരണ പദ്ധതിയുടെ രണ്ട് വെൽ—കം—പമ്പ് ഹൗസിന്റെയും 1,500 ഗ്യാലൻ വെള്ളം ഉൾക്കൊള്ളുന്ന രണ്ട് ഓവർ ഹെഡ് ടാങ്കിന്റെയും പണി പൂർത്തിയായി. ജലവിതരണത്തിനുള്ള കുഴൽ ഇടുന്ന ജോലി ആരംഭിച്ചിട്ടുണ്ട്. പത്തു സ്ട്രീറ്റു ടാപ്പുകളുംകൂടി ഇപ്പോൾ ജലവിതരണം നടത്തുവാൻ തുടങ്ങിയിട്ടുമുണ്ട്. സ്റ്റോർ, കം—പമ്പ് ഹൗസ് എന്നിവയുടെ പണിയും പുരോഗതിയിലാണ്.

ശ്രീ. എം. സി. ഏബ്രഹാം : കോട്ടയത്തു ശുദ്ധജലവിതരണം നടത്തുന്നതിനുള്ള എസ്റ്റിമേറ്റും പ്ലാനും തയാറാക്കിയിട്ടും ഇനിയും അവിടെ ആ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കാലതാമസം എന്താണെന്നു പറയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അവിടെയുള്ള മുനിസിപ്പാലിറ്റിയും മറ്റും റക്കമെന്റു ചെയ്യുന്നതനുസരിച്ച് അവയുടെ പണി നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എം. ജോർജ്ജ് : മൂവാറ്റുപുഴ, കോതമംഗലം എന്നീ സ്ഥലങ്ങളിൽ ശുദ്ധജലവിതരണം നടത്തുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും പൂർത്തിയാക്കിയിട്ട് വളരെക്കാലമായി. അതിന്റെ പ്രവർത്തനം എന്നാരംഭിക്കുമെന്നു പറയുമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : കഴിയുന്നതും വേഗം എല്ലാ സ്ഥലങ്ങളിലും വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. മിക്കവാറും സ്ഥലങ്ങളിൽ പണി തുടങ്ങി കഴിഞ്ഞിരിക്കുകയാണ്. മൂവാറ്റുപുഴ, കോതമംഗലം എന്നീ സ്ഥലങ്ങളിലെ വാട്ടർ സപ്ലൈ സ്കീം എന്നാരംഭിക്കാൻ സാധിക്കുമെന്നു ഇപ്പോൾ കൃത്യമായി പറയുക സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly